LIBRARY ARCHIVES Kerala Legislative Assembly

കാർഷിക മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം

*28 [86] ശ്രീ. എ. സി. മൊയ്തീൻ:
ഡോ. തോമസ് ഐസക്:
ശ്രീ. കെ. കെ. ജയചന്ദ്രൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട കർഷക സംഘടനാ പ്രതിനിധികളുടെ യോഗം വിളിച്ചിരുന്നോ;

(സി) എങ്കിൽ പ്രസ്തുത യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളതെന്ന് പറയാമോ;

(ഡി) മുൻ ഗവൺമെന്റ് കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കർഷക സംഘടനകൾക്ക് നൽകിയ ഉറപ്പുകൾ എന്തൊക്കെയായിരുന്നു?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കാർഷികമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വിളിച്ചിരുന്നു.

(സി) 8-11-2004-ൽ കർഷക സംഘടനാ പ്രതിനിധികളുമായി കൃഷിവകുപ്പു മന്ത്രി ചർച്ച നടത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ കാർഷിക വിളകൾക്കുണ്ടായ നഷ്ടം നികത്തുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരണം നൽകുകയുണ്ടായി.

സംഘടനാ പ്രതിനിധികൾ ആവശ്യപ്പെട്ടതനുസരിച്ച് കൃഷി വകുപ്പിൽനിന്ന് പുറപ്പെടുവിക്കുന്ന, കൃഷിക്കാരെ ബാധിക്കുന്ന പൊതു ഉത്തരവുകളുടെ പകർപ്പുകൾ കർഷക സംഘടനകൾക്ക് ഇനി മുതൽ നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) മുൻ മുഖ്യമന്ത്രി കർഷക സംഘടനകളുമായി ചർച്ച നടത്തിയതായി അറിയാം. പക്ഷെ തീരുമാനം ഒന്നും എടുത്തതായി അറിയില്ല. അതു സംബന്ധിച്ച റിക്കാർഡുകൾ ലഭ്യമല്ല.

---

† അനുബന്ധം III

അനുബന്ധം III

[2-2-2005-ലെ നക്ഷത്ര ചിഹ്നമിട്ട *28 (86)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് സ്വീകരിച്ച നടപടികൾ താഴെ കൊടുത്തിരിക്കുന്നു.

കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് ആശ്വാസമെത്തിക്കുന്നതിനായി 2003 റാബി സീസൺ മുതൽ പ്രാബല്യത്തിൽ വരത്തക്ക രീതിയിൽ കാർഷിക വിളകളുടെ നഷ്ടപരിഹാരം 100 ശതമാനം കണ്ട് വർദ്ധിപ്പിച്ചു. വരൾച്ച മൂലം 25 ശതമാനമോ അതിൽ കൂടുതലോ കൃഷിനാശം സംഭവിച്ചവർക്ക് വീണ്ടും വിളയിറക്കുന്നതിന് വിത്തും കുമ്മായവും സൗജന്യമായി വിതരണം ചെയ്തു. നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള കർഷകന്റെ വാർഷിക വരുമാന പരിധി നീക്കം ചെയ്തു. ഭൂപരിധിയിലുണ്ടായിരുന്ന നിയന്ത്രണത്തിനും ഇളവനുവദിച്ചു.

വരൾച്ചയും കൃഷിനാശവുംമൂലം കാർഷിക വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്ത കൃഷിക്കാരെ രക്ഷിക്കുന്നതിനായി കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസം) ആക്ടിൽ കർഷകൻ എന്ന നിർവ്വചനത്തിൽ വരുന്ന വ്യക്തിക്ക് 29-12-2001-നു ശേഷമുള്ള പ്രസ്തുത ആക്ടിലെ "കടം" എന്ന നിർവ്വചന പ്രകാരമുള്ള സ്ഥാപനങ്ങളിൽ ഇന്നും നിലനിൽക്കുന്നതായ കാർഷിക കടങ്ങൾക്ക് മാത്രം 23-1-2004 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. മൊറട്ടോറിയം കാലാവധിയിൽ പലിശയിലും പിഴപ്പലിശയിലും ഇളവനുവദിക്കുന്നതാണ്. ടി മൊറട്ടോറിയം കാലാവധിയുടെ പലിശയും പിഴപ്പലിശയും നൽകുന്നതിൽ വരുന്ന നഷ്ടം സർക്കാർ റീഇംപേഴ്സ് ചെയ്യുന്നതാണ്.

വരൾച്ച മൂലം ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളായി മാറ്റുന്നതിനും മദ്ധ്യകാല വായ്പകളുടെ തിരിച്ചടയ്ക്കാത്ത ഗഡുക്കൾ പ്രത്യേക മദ്ധ്യകാല വായ്പകളായി മാറ്റുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിക്കുകയും ആയതിന്റെ സമയപരിധി 31-1-2005 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കർഷകരെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിനായി സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുത്തിട്ടുള്ളവർക്ക് അവരുടെ കുടിശ്ശിക, പിഴപ്പലിശ, മറ്റു ചെലവുകൾ എന്നിവ ഒഴിവാക്കി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണയായി അടച്ചു തീർക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിക്കുകയും ആയതിന്റെ കാലാവധി 31-3-2005 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കർഷകർക്ക് ആശ്വാസം നൽകുന്നതിന്റെ ഭാഗമായി പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേൽ ഒരു വർഷത്തേക്ക് ജപ്തി നടപടികൾ നിർത്തിവച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III—(തുടർച്ച)

വയനാട് ജില്ലയിലെ കർഷകർ 2000-നു ശേഷം എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 3 വർഷത്തേക്ക് പലിശ ബാദ്ധ്യത ഏറ്റെടുക്കുവാനും അത് അതാതു വർഷം ബന്ധപ്പെട്ട ബാങ്കുകൾക്ക് കൊടുത്തു തീർക്കുവാനും പലിശ ബാധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ട് കർഷകർക്ക് പലിശ ഇളവു നൽകുവാനും ഉത്തരവായിട്ടുണ്ട്.

വായ്പ തുകയുടെ പരിധി ഉയർത്തണമെന്നും മൊറോട്ടോറിയം കാലാവധി ദീർഘിപ്പിക്കണമെന്നുമുള്ള ആവശ്യങ്ങൾ പരിഗണിച്ച് വയനാട് ജില്ലയ്ക്ക് ഊന്നൽ നൽകണമെന്നുള്ള സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കർഷകർ 2000-നു ശേഷം എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 2006 മാർച്ച് 31 വരെ പലിശ ഇളവ് അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്. 50,000 രൂപയിൽ കൂടുതൽ വായ്പ എടുത്തിട്ടുള്ളവർക്കും 50,000 രൂപ വരെ ടി ആനുകൂല്യം ലഭിക്കും. പലിശ അടച്ചു കഴിഞ്ഞവർക്ക് ഈ ആനുകൂല്യം അവരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതാണ്.

അടയ്ക്കാ, കാപ്പി, കുരുമുളക് കർഷകരെ സഹായിക്കാൻ സർക്കാർ പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. കുരുമുളക് സംഭരണത്തിനും കാപ്പികൃഷിക്കാർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവു നൽകാനുമായി 10 കോടി രൂപ അനുവദിച്ചു. കിലോഗ്രാമിനു 75 രൂപ നിരക്കിൽ കുരുമുളക് സംഭരിക്കാൻ മാർക്കറ്റ് ഫെഡിനെ ചുമതലപ്പെടുത്തി. അടയ്ക്കാ സംഭരണത്തിനു 10 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. നിലവിലുള്ള കമ്പോളവിലയേക്കാൾ കിലോക്ക് 10 രൂപ കൂടുതൽ നൽകി അടയ്ക്ക സംഭരിക്കുന്നതിനു കാംപ്കോയെ ചുമതലപ്പടുത്തിയിട്ടുണ്ട്.

ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് 1 ലക്ഷം രൂപ വീതം നൽകാനും വരൾച്ച ദുരിതമനുഭവിക്കുന്ന കർഷകർക്ക് കടാശ്വാസം നൽകുന്നതിനും 50,00 രൂപവരെയുള്ള ലോൺ എഴുതിത്തള്ളാനും നശിച്ചുപോയ കാർഷിക വിളകൾ പുനഃസ്ഥാപിക്കുന്നതിനും മറ്റും ധനസഹായം നൽകണമെന്നു ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് മെമ്മോറാണ്ടം സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് 106 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ ലഭിച്ചാലുടൻ അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനുപുറമെ കുരുമുളകിന്റെയും കശുവണ്ടിയുടെയും റീപ്ലാന്റിംഗിനു വേണ്ടി 30 കോടി രൂപ കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുള്ളതിന്റെ ആദ്യപടിയായി 10 കോടി രൂപ ലഭിച്ചിട്ടുണ്ട്. ലോൺ എഴുതിത്തള്ളണമെന്ന ആവശ്യവും പലശയിളവു അനുവദിക്കണമെന്നും മറ്റുമുള്ള ആവശ്യങ്ങളും കേന്ദ്രഗവൺമെന്റ് അംഗീകരിച്ചതായി അറിയിച്ചിട്ടില്ല. എന്നാൽ ഈ ആവശ്യങ്ങൾ നിരസിച്ചതായും അറിയിച്ചിട്ടില്ല.

മേൽപ്പറഞ്ഞ നടപടികൾക്കുപുറമേ മുൻമുഖ്യമന്ത്രി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി വിളിച്ചുകൂട്ടുകയും റിസർവ്വ് ബാങ്ക്, നബാർഡ്, ഐ.ബി.എ. മുതലായ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ചുവർഷങ്ങൾക്കുള്ളിൽ രണ്ടോ അതിലധികമോ വർഷങ്ങളിൽ ഉൽപ്പാദന നഷ്ടമോ ആദായ നഷ്ടമോ ഉണ്ടായിട്ടുള്ള കൃഷിക്കാർക്ക് കടം നൽകേണ്ട കാലാവധി രണ്ടുവർഷത്തേക്കു മരവിപ്പിക്കുവാനും മറ്റു കടാശ്വാസ നടപടികൾ ത്വരിതപ്പെടുത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly